പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ - 535

09/02/2016 ൽ മറുപടിയ്ക്ക്

# ഖാദി ഗ്രാമ വ്യവസായ വികസന പദ്ധതികൾ

**ചോദ്യം**

**ശ്രീ. എ. എം. ആരിഫ്**

**ഉത്തരം**

**ശ്രീ. സി. എൻ. ബാലകൃഷ്ണൻ**
**(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഖാദി ഗ്രാമ വ്യവസായ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത് ; വിശദമാക്കാമോ ? | (എ) ഖാദി മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ഖാദി ക്ലസ്റ്റർ നടപ്പിലാക്കി. ആധുനീക വല്ക്കരണത്തിന്റെ ഭാഗമായി ശ്രീ.ഗോപിനാഥൻ നായർ കമ്മിറ്റി ശുപാർശ നടപ്പിലാക്കുവാനായി 1521 ലക്ഷം രൂപ വിനിയോഗിച്ചു. ഖാദി തൊഴിലാളി കൾക്ക് വേതന പൂരക പദ്ധതിയുടെ സഹായത്തോടെ മിനിമം വേതനം നടപ്പിലാക്കി. ഖാദി നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉല്പാദന പ്രോത്സാഹനവും ഉത്സവബത്തയും നൽകുന്നു. ഉല്പാദന പ്രോത്സാഹനം 2014-15 മുതൽ 100% വർദ്ധനവ് നൽകി പരിഷ്കരിച്ചിട്ടുണ്ട്. ഖാദി ഗ്രാമ വ്യവസായ മേഖലയിലെ സംഘങ്ങളുടേയും സ്ഥാപനങ്ങളുടേയും പുനരുദ്ധാരണത്തിനായി തുക നൽകി വരുന്നു. ഖാദി തൊഴിലാളികളുടെ പരിശീലനത്തിനും വൈദഗ്ധ്യ വികസനത്തിനുമായി തുക അനുവദിക്കുന്നുണ്ട്.<br>ഗ്രാമ വ്യവസായ മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക തൊഴിൽദാന |

പദ്ധതി (എന്റെ ഗ്രാമം പദ്ധതി) കഴിഞ്ഞ 5 വർഷങ്ങളായി നടപ്പിലാക്കി വരുന്നു. അതുപോലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയും (PMEGP) നടപ്പിലാക്കി വരുന്നു. തേനീച്ച വളർത്തൽ പദ്ധതി പരിപോഷിപ്പിക്കുന്നതിനായി പ്രത്യേക ഫണ്ട് അനുവദിക്കുന്നുണ്ട്. ഖാദി ഗ്രാമ വ്യവസായങ്ങൾക്ക് വേണ്ടി ഖാദി ഗ്രാമ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻഓഫീസർ